പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VII

(SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

ആനുകാലിക റിപ്പോർട്ട്

(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ളത്)

PERIODICAL REPORT FROM 1ST APRIL 2025 TO 31ST MARCH 2026)

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്

(Presented on 28th October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

Fcp8f/MJS/Sub.Com 7/Periodical Report 2025-26//13.10.2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്റ്റ് കമ്മിറ്റി VII

(SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

ആനുകാലിക റിപ്പോർട്ട്
2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ളത്

(PERIODICAL REPORT FROM 1ST APRIL 2025 TO 31ST MARCH 2026)

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	

സബ്ജക്ട് കമ്മിറ്റി VII

(വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
(2026-2028)

ഘടന

ചെയർപേഴ്സൺ

ശ്രീ. സണ്ണി ജോസഫ്,
വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി

എക്സ്-ഒഫീഷ്യോ അംഗം

ശ്രീമതി ബിന്ദു കൃഷ്ണ,
തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പ് മന്ത്രി

അംഗങ്ങൾ

ശ്രീ. അബിൻ വർക്കി കോടിയാട്ട്, എം.എൽ.എ.

ശ്രീ. അൻവർ സാദത്ത് , എം.എൽ.എ.

ശ്രീ. എം. എം. നസീർ, എം.എൽ.എ.

ശ്രീ. എം. റഹ്മത്തുള്ള, എം.എൽ.എ.

ശ്രീ. എഫ്. രാജ, എം.എൽ.എ.

ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.

ശ്രീ. സുമേഷ് അച്ചുതൻ, എം.എൽ.എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി -ഇൻ-ചാർജ്

ശ്രീമതി രജി ഡി. ഒ. , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. സി. പ്രദീപ്, അണ്ടർ സെക്രട്ടറി

അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII -ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരളനിയമസഭയുടെ 2023 ഡിസംബർ 07-ലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2023-26 കാലയളവിലേക്കായി രൂപീകരിച്ച വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 13.05.2025, 20.08.2025, 29.09.2025, 07.02.2026, 11.02.2026, 18.02.2026 എന്നീ തീയതികളിലായി ആകെ 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 13.05.2025-ലെ യോഗത്തിൽ നഗരങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും എന്ന വിഷയത്തിന്മേൽ ചട്ടം '235 എ' പ്രകാരം 23.11.2022-ാം തീയതി ചേർന്ന സമിതിയോഗനിർദ്ദേശത്തിന്മേൽ തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട്, 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു കൊണ്ടുള്ള കരട് ചട്ടം, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, അതത് വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികകൾ, സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്താനുള്ള ഫയലുകൾ എന്നിവ പരിഗണിച്ചു . 20.08.2025-ലെ യോഗത്തിൽ സമിതിയുടെ 02.09.2024, 03.09.2024 എന്നീ തീയതികളിലെ ഇടുക്കി സന്ദർശനവുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ സമിതി വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും 2024 -ലെ കേരള ധനകാര്യ ആക്ടിൽ ഉൾപ്പെട്ട The Kerala Electricity Duty Act, 1963 (23 of 1963) എന്ന ആക്ടിലെ ഭേദഗതിയിന്മേലുള്ള കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള

സർക്കാർ നടപടി റിപ്പോർട്ടുകൾ, അതത് വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയൽ എന്നിവ പരിഗണിക്കുകയും ചെയ്തു. 29.09.2025-ലെ യോഗത്തിൽ സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, അതത് വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികകൾ, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ചു. 07.02.2026, 11.02.2026, എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിലെ വിവിധ ധനാഭ്യർത്ഥനകളിന്മേൽ പരിശോധന നടത്തി. 18.02.2026-ലെ യോഗത്തിൽ 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ചു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 61% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

അദ്ധ്യായം I	-	സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ
അദ്ധ്യായം II	-	സമിതി പരിഗണിച്ച ബില്ലുകൾ
അദ്ധ്യായം III	-	സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. -കൾ
അദ്ധ്യായം IV	-	നിയമസഭ ചട്ടം ‘ 235 എ' പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം
അദ്ധ്യായം V	-	നിയമസഭ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിശദാംശം

അദ്ധ്യായം VI - a) 2025-26 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന വിധത്തിൽ)

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഒക്ടോബർ മാസം 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

സണ്ണി ജോസഫ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VII.

റിപ്പോർട്ട്

അദ്ധ്യായം I

സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 06.10.2025-ന് സഭയിൽ സമർപ്പിച്ചു.

2. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 06.10.2025-ന് സഭയിൽ സമർപ്പിച്ചു.

3. 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് 23.02.2026-ന് സഭയിൽ സമർപ്പിച്ചു.

അദ്ധ്യായം II

സമിതി പരിഗണിച്ച ബില്ലുകൾ

ഇല്ല

അദ്ധ്യായം III

സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. -കൾ

2025-ലെ ദി കേരള ഇൻഷുറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് (ഭേദഗതി) വിശേഷാൽ ചട്ടത്തിന്റെ കരട് 13.05.2025-ലെ യോഗത്തിൽ സമിതി പരിഗണിയ്ക്കുകയും ഭേദഗതിയോട് കൂടി അംഗീകരിക്കുകയും ചെയ്തു.

അദ്ധ്യായം IV

നിയമസഭ ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം

ഇല്ല

അദ്ധ്യായം V

നിയമസഭ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

ക്രമ നം.	ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം		സഭയിൽ സമർപ്പിച്ച തീയതി
		സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം	
	1	2	3	4
1.	XXXIX-വൈദ്യുത പദ്ധതികൾ	2024-25	ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്)	06.10.2025
2.	XXXIX-വൈദ്യുത പദ്ധതികൾ	2024-25	ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ - കേരള)	06.10.2025
3.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2018-19 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	06.10.2025
4.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2018-19 (കാലതാമസ പത്രിക സഹിതം)	കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
5.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2019-20 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	06.10.2025
6.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2019-20 (കാലതാമസ പത്രിക സഹിതം)	കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
7.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	06.10.2025

8.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
9.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
10.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
11.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
12.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
13.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
14.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
15.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
16.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള ഈറ്റ,കാട്ടുവള്ളി,തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
17.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2022-23 (കാലതാമസ പത്രിക സഹിതം)	കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
18.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം)	കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025

19	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം)	കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
20.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	06.10.2025
21.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം	കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
22.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം	കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
23.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം	കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
24.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം	കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്	06.10.2025
25.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24	കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
26.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം	കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
27.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം)	കേരള ഈറ്റ,കാട്ടുവള്ളി,തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
28.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2023-24 (കാലതാമസ പത്രിക സഹിതം)	കേരള ബീഡി ,ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
29.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25	കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
30.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25	ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്	06.10.2025

31.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25	കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്	06.10.2025
32.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25	വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ	06.10.2025
33.	XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	2024-25	ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്	06.10.2025
34.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	06.10.2025
35.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	06.10.2025
36.	XXXIX-വൈദ്യുത പദ്ധതികൾ	2023-24 (കാലതാമസ പത്രിക സഹിതം)	അനെർട്ട്	03.02.2026
37.	XXXIX-വൈദ്യുത പദ്ധതികൾ	2023-24 (കാലതാമസ പത്രിക സഹിതം)	കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (K S E B L)	03.02.2026
38.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	തൊഴിലും നൈപുണ്യവും വകുപ്പ്	03.02.2026
39.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	വ്യാവസായിക പരിശീലന വകുപ്പ്	03.02.2026
40.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്	03.02.2026
41.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	03.02.2026
42.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്	03.02.2026

43.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	03.02.2026
44.	XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്	03.02.2026

അദ്ധ്യായം VI

(a) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII -ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1-3, 5, 8-34, 36-45, 69 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ മാത്രമാണ് നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.കൂടാതെ 23.06.2026-ലെ ബുള്ളറ്റിൻ നമ്പർ 24 (ഭാഗം 2) പ്രകാരം സബ്ജക്ട് കമ്മിറ്റികൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ പുനർവിന്യസിച്ചപ്പോൾ സബ്ജക്ട് കമ്മിറ്റി XIV-ൽ നിന്നും സബ്ജക്ട് കമ്മിറ്റി VII -ന് കൈമാറി ലഭിച്ച പാർലമെന്ററി കാര്യങ്ങൾ എന്ന വിഷയവുമായി ബന്ധപ്പെട്ട് ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV -ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 13,14 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പാർലമെന്ററികാര്യ വകുപ്പ് നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്.

വകുപ്പ്	ശിപാർശ/ഖണ്ഡികകൾ
തൊഴിലും നൈപുണ്യവും വകുപ്പ്	4, 6, 7, 35
ഊർജ്ജ വകുപ്പ്	46-68 ,70-73

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന വിധത്തിൽ)

1. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

2801-80-101-85 - ട്രാൻസ് ഗ്രിഡ് 2.0

വിഹിതം : - 1,00,000 രൂപ (പദ്ധതി)

ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കിയ രണ്ട് പദ്ധതികൾക്കായി കെ.എസ്.ഇ.ബി. -ക്ക് ചെലവായ തുക സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതിന് 158 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -49)

08.07.2024-ലെ യോഗത്തിലെ സമിതി നിർദ്ദേശം

ഊർജ്ജ വകുപ്പിൽ നിന്നും 19.10.2024-ാം തീയതി ലഭ്യമാക്കിയ ഖണ്ഡിക 49-ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ട്രാൻസ്ഗ്രിഡ് പദ്ധതിയ്ക്കായി 158 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച രേഖകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ കഴിയാതിരുന്നത് ആരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് ആരായുകയും കെ.എസ്.ഇ.ബി.എൽ. സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുമ്പോൾ പ്രസ്തുത നടപടിക്രമങ്ങൾ സമയബന്ധിതമായി തീർക്കേണ്ടതായിരുന്നു എന്നഭിപ്രായപ്പെടുകയും ആയതിന്മേൽ കെ.എസ്.ഇ.ബി.എൽ.-നോട് വിശദീകരണം ആരായുന്നതിന് ഊർജ്ജ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

സർക്കാർ സ്വീകരിച്ച നടപടി

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 49-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് 08.07.2024-ലെ യോഗത്തിൽ പരിഗണിച്ചപ്പോൾ പരാമർശിച്ച ട്രാൻസ്ഗ്രിഡ് പദ്ധതിയ്ക്കായി പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മന:പൂർവ്വമല്ലെന്നും ഭാവിയിൽ ഈ വിധ വീഴ്ചകൾ ഉണ്ടാവുകയില്ലായെന്നും കെ.എസ്.ഇ.ബി.എൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

2230-01-103-87-10 - പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

വിഹിതം : 10,03,03,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്- ഗ്രേഷ്യ വിതരണത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -9)

07.06.2023-ലെ യോഗത്തിലെ സമിതി നിർദ്ദേശം

10.03.2023-ാം തീയതി തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 9-ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള എക്സ്ഗ്രേഷ്യ നൽകാത്തതു സംബന്ധിച്ച്

ആരാഞ്ഞപ്പോൾ ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ അനുവദിക്കേണ്ടതില്ലായെന്ന് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി തൊഴിലും നൈപുണ്യവും വകുപ്പ് ഉദ്യോഗസ്ഥൻ ബോധിപ്പിക്കുകയും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഹാജരാക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സർക്കാർ സ്വീകരിച്ച നടപടി

ഒരു വർഷമായി പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ അനുവദിക്കേണ്ടതില്ല എന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നില്ല. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള ഒരു വർഷമോ അതിലധികമോ ആയി പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലാണ് എല്ലാ വർഷവും ഓണത്തോടനുബന്ധിച്ച് ലേബർ കമ്മീഷണർ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. ടി ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഓണത്തോടനുബന്ധിച്ച് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ അനുവദിച്ചുവരുന്നത് എന്ന വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

അദ്ധ്യായം - VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും

1. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/ സുരക്ഷാ പ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്

ശിപാർശ

കേരളത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ സാക്ഷരതയും സാമ്പത്തിക-സാംസ്കാരിക ഉന്നമനവും സംബന്ധിച്ച് അവബോധമുണ്ടാക്കേണ്ടത് ആവശ്യമാണെന്നതിനാൽ സംസ്ഥാനത്തെ

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളിൽ ഇതരസംസ്ഥാന തൊഴിലാളികളെയും അവരുടെ കുടുംബത്തെയും ഉൾപ്പെടുത്തണമെന്നും നമ്മുടെ ഭാഷയുടെ കൂടെ അവരുടെ ഭാഷയും കൂടി പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12.07.2022-ലെ യോഗത്തിലെ സമിതി നിർദ്ദേശം

31-ാം നമ്പർ ശിപാർശയിന്മേൽ 22.04.2022 തീയതിയായി പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 12.07.2022 ലെ യോഗത്തിൽ സമിതി പരിഗണിച്ച വേളയിൽ, ഏറ്റവും കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങളിൽ 'അപ്നാഘർ' പദ്ധതി ആരംഭിച്ചിട്ടില്ലായെന്ന് നിരീക്ഷിച്ച സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും പ്രാദേശിക ട്രേഡ് യൂണിയൻ നേതാക്കളെയും 'അപ്നാഘർ' പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ തൊഴിലാളികളുമായുള്ള ചർച്ചയും മറ്റും കാര്യക്ഷമമാവുകയുള്ളൂ എന്നതിനാൽ ബന്ധപ്പെട്ട വകുപ്പ് ആയതു പരിശോധിച്ച് നടപടി റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഹോസ്റ്റൽ സൗകര്യം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്ന പദ്ധതിയായ അപ്നാഘർ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും എല്ലാ പ്രദേശങ്ങളിലും നടപ്പിലാക്കാൻ ആസൂത്രണം ചെയ്തിരുന്നു. 2015 ഏപ്രിൽ മാസത്തിൽ പാലക്കാട് ആരംഭിച്ച അപ്നാഘർ പദ്ധതി 2019 ഫെബ്രുവരിയിലും 2020 ആഗസ്റ്റിൽ കിനലൂരിൽ ആരംഭിച്ച പദ്ധതി 2022 മെയ്-ലും തൊഴിലാളികൾക്ക് താമസ സൗകര്യത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ കളമശ്ശേരിയിൽ പുതുതായി അപ്നാഘർ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

അപ്നാഘർ പദ്ധതി ആരംഭിച്ചിട്ടുള്ള പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ജില്ലാ ലേബർ ഓഫീസറുടെ അധ്യക്ഷതയിൽ പഞ്ചായത്ത് അസ്സി. എക്സി. എഞ്ചിനീയർ,

പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ, സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി അഡ്മിനിസ്ട്രേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

നിലവിൽ ഇൻഡസ്ട്രിയൽ പാർക്കുകളിൽ അപ്നാഘർ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആണ് നടന്നു വരുന്നത്. അപ്നാഘർ പദ്ധതിക്കായി വിവിധ പ്രദേശങ്ങളിൽ ഭൂമി ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ, സമിതി നിർദ്ദേശ പ്രകാരം ഏറ്റവും കൂടുതൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് പണിയെടുക്കുന്ന പ്രദേശങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും അതിഥി തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി, നിലവിൽ അപ്നാഘർ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്ന എറണാകുളം ജില്ലയിൽ ജില്ലാ കളക്ടർ, എറണാകുളം, ജില്ലാ ലേബർ ഓഫീസർ (ഇ) എറണാകുളം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പാലിറ്റി ചെയർമാൻ, എറണാകുളം, ജില്ലാ പോലീസ് മേധാവി എറണാകുളം സിറ്റി, ജില്ലാ മെഡിക്കൽ ഓഫീസർ -എറണാകുളം, ജില്ലാ പ്രസിഡന്റ് /ജില്ലാ സെക്രട്ടറി CITU/INTUC/AITUC/BMS- എറണാകുളം, എന്നിവരെ ഉൾപ്പെടുത്തി ഒരു ജില്ലാതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. (സ.ഉ. (സാധാ) നം. 569/2025/തൊഴിൽ തീയതി: 09.05.2025)

2. നഗരങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും പ്ളാന്റേഷൻ പുനരധിവാസ പദ്ധതിയും എന്ന വിഷയത്തിന്മേൽ ചട്ടം ' 235 എ' പ്രകാരം 23.11.2022-ാം തീയതി ചേർന്ന സമിതിയോഗനിർദ്ദേശവും സർക്കാർ സ്വീകരിച്ച നടപടിയും

<u>സമിതി നിർദ്ദേശം</u>

തൊഴിലും നൈപുണ്യവും വകുപ്പ്, പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണപ്രവൃത്തികൾ നടത്തി വരുന്ന മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ച് പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

2018-19 കാലഘട്ടത്തിൽ ഫൈബർ റീ-ഇൻഫോഴ്സ് ജിപ്സം ബോർഡ് ഉപയോഗിച്ചുള്ള നിർമ്മാണമായിരുന്നു പ്രീഫാബ് ടെക്നോളജിയിൽ ലഭ്യമായിരുന്നത്. പ്രീഫാബ് നിർമ്മാണത്തിന് ഉപയോഗത്തിലുള്ള ജിപ് വാൾ നിർമ്മിച്ചിരുന്നത് ഫാക്ട്-ആർ.സി.എഫ് ബിൽഡിംഗ് പ്രോഡക്ട്സ് ആയിരുന്നു.

കുറഞ്ഞ ചെലവിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് കൂടുതൽ വീടുകൾ നിർമ്മിക്കുന്ന പദ്ധതി സംബന്ധിച്ച ഒരു റിപ്പോർട്ട് കിറ്റ്കോ മുഖേന ഭവനം ഫൗണ്ടേഷൻ ഓഫ് കേരള സമർപ്പിച്ചിരുന്നു. ആഗോളതലത്തിലെ ഏറ്റവും മികച്ച നിർമ്മാണ രീതി കണ്ടെത്തുന്നതിനും അതിനെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി Housing & Urban Affairs മന്ത്രാലയം Global Housing Technology Challenge (GHTC) എന്ന പദ്ധതി തുടങ്ങി. പുതിയ സാങ്കേതിക വിദ്യയും നൂതന നിർമ്മാണരീതികളും ഉപയോഗപ്പെടുത്തുകയുണ്ടായി.

മുഖ്യധാരയിൽ കൊണ്ടുവരുവാൻ ഉദ്ദേശിച്ചിട്ടുള്ള നൂതന നിർമ്മാണ രീതികൾ ചുവടെ ചേർക്കുന്നു.

1. Precast Concrete Construction System - Precast Components Assembled at Site
2. Monilithic Concrete Construction using Tunnel Formwork
3. Prefabricated Sandwich Panel System
4. PVC Stay in Place Formwork System
5. Precast Concrete Construction System - 3D Volumetric
6. Light Gauge Steel Structural System & Pre-engineered Steel Structural System

Light Gauge Steel Structural System ഉപയോഗപ്പെടുത്തി ലൈഫ് മിഷൻ പ്രിഫാബ് നിർമ്മിതികൾ ചെയ്യുകയുണ്ടായി. മുകളിൽ പരാമർശിച്ചിരിക്കുന്ന നൂതന സാങ്കേതിക വിദ്യയെ CPWD Specification & Rate Analysis (DAR)യെ New Technologies and Materials head എന്നതിൽ ഉൾപ്പെടുത്തുകയുണ്ടായി.

ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയും ഇത്തരം മുകളിൽ പരാമർശിച്ചിട്ടുള്ള 6 തരം സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തിയിരുന്നു.

ലൈഫ് മിഷൻ, നിർമ്മിതി കേന്ദ്രം, മറ്റ് സമാന ഏജൻസികൾ എന്നിവയിൽ നിന്നും ഇപ്പോൾ നിലവിലുള്ള നിർമ്മാണ രീതികളെപ്പറ്റി മനസ്സിലാക്കാവുന്നതാണെന്ന് ഭവനം ഫൗണ്ടേഷൻ ഓഫ് കേരള അറിയിച്ചിട്ടുണ്ട്.

സർവ്വെ നം.31/1ൽ ചിന്നക്കനാൽ താവളം ഷണ്മുഖവിലാസം, സർവ്വെ നം.20/1 വയനാട് ജില്ലയിലെ പുൽച്ചോല എന്നീ സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രീഫാബ് ടെക്നോളജി ഉപയോഗപ്പെടുത്താമെന്നും അതിനുവേണ്ടി പ്രസ്തുത ഭൂമി ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പുമായി ചേർന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം
2026 ഒക്ടോബർ 27

സണ്ണി ജോസഫ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VII

അനുബന്ധം

13.05.2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2025 മെയ് മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ ചേർന്ന യോഗത്തിൽ സമിതി ചെയർപേഴ്സണും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി തദവസരത്തിൽ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
2. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. എം. എം. മണി, എം.എൽ.എ.
2. ശ്രീ.വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ.എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പുനീത് കുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ഡോ. കെ. വാസുകി ഐ.എ.എസ്., സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

3. ശ്രീമതി. രാധിക പി. ബി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ബിജു കുമാർ ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ശ്രീലത സുകുമാരൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി എൻ. കെ. ചന്ദ്ര, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
7. ശ്രീമതി പ്രീത ബി., അഡീഷണൽ സെക്രട്ടറി,തൊഴിലും നൈപുണ്യവും വകുപ്പ്.
8. ശ്രീ.പ്രതാപചന്ദ്രൻ ബി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീ. സജീവ് ഇ. പി., സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
10. ശ്രീമതി ഷജീന എം., ചീഫ് ഓപ്പറേറ്റിങ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള

സമിതിയുടെ 2024 സെപ്റ്റംബർ മാസത്തെ പള്ളിവാസൽ, ഇടുക്കി ഡാമുകൾ, മൂലമറ്റം പവർ ഹൗസ് എന്നിവിടങ്ങളിലെ സന്ദർശനവുമായി ബന്ധപ്പെട്ട് തുടർചർച്ച നടത്തുന്നത് സംബന്ധിച്ച വിഷയം, നഗരങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും എന്ന വിഷയത്തിന്മേൽ ചട്ടം '235 എ' പ്രകാരം 23.11.2022-ൽ ചേർന്ന സമിതിയോഗനിർദ്ദേശത്തിന്മേലുള്ള നടപടി റിപ്പോർട്ട്, 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു കൊണ്ടുള്ള കരട് ചട്ടം, വിവിധ കാലയളവിലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകൾ, ശ്രദ്ധയിൽ പെടുത്തുന്നതിനുള്ള ഫയലുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I <u>സമിതിയുടെ 02.09.2024, 03.09.2024 എന്നീ തീയതികളിലെ പള്ളിവാസൽ, ഇടുക്കി ഡാമുകൾ, മൂലമറ്റം പവർ ഹൗസ് എന്നിവിടങ്ങളിലെ സന്ദർശനവും അനുബന്ധയോഗങ്ങളും - തുടർചർച്ച നടത്തുന്നത് സംബന്ധിച്ച്</u>

(ഫ.നം.15302/സബ്.സി.സി1/2023/നി.സെ.)

പ്രസ്തുത വിഷയം അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് സമിതി തീരുമാനിച്ചു.

II നഗരങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും എന്ന വിഷയത്തിന്മേൽ ചട്ടം '235 എ' പ്രകാരം 23.11.2022-ൽ ചേർന്ന സമിതിയോഗ നിർദ്ദേശത്തിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിക്കുന്നത് സംബന്ധിച്ച്

(ഫ.നം.349/സബ്.സി.സി1/2017/ നി.സെ.)

നഗരങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും പ്ളാന്റേഷൻ പുനരധിവാസ പദ്ധതിയും എന്ന വിഷയത്തിന്മേൽ ചട്ടം '235 എ' പ്രകാരം 23.11.2022-ൽ ചേർന്ന സമിതിയോഗനിർദ്ദേശത്തിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 18.09.2024-ലെ ഡി2/375/2022 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

III 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു കൊണ്ടുള്ള കരട് ചട്ടം പരിഗണിയ്ക്കുന്നത് സംബന്ധിച്ച്

(ഫ.നം. KLS /4101/2025-subc c1)

1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു കൊണ്ടുള്ള കരട് ചട്ടം സമിതി പരിഗണിയ്ക്കുകയും Dental Hygienist Grade II തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ ആദ്യത്തെ പിരിവായി നൽകിയിരിക്കുന്ന i. General : Pass in Plus Two എന്നതിന് പകരം i. General : Pass in Plus Two or its equivalent എന്ന് ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ച സമിതി പ്രസ്തുത ഭേദഗതിയോടെ കരട് ചട്ടം അംഗീകരിച്ചു.

IV സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം.13047/സബ്.സി.സി1/ 2022/ നി.സെ.)

റിപ്പോർട്ടിലെ **ഖണ്ഡിക 9 -ലെ** ശിപാർശയുമായി ബന്ധപ്പെട്ട് 07.06.2023 -ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ തൊഴിലും

നൈപുണ്യവും (ഡി) വകുപ്പ് 04.12.2024-ലെ ഡി1/114/2022 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫ. നം. 12048/സബ്.സി.സി1/2024/നിസെ)

റിപ്പോർട്ടിലെ **24, 28 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പിൽ നിന്നും 07.01.2025-ലെ ജി1/135/2024 നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് സമിതി അംഗീകരിച്ചു.

V) ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകളുടെ പരിഗണന

1. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട്

(ഫയൽ നം.575/സബ്.സി.സി1/2022/നി. സെ.)

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് എന്നിവയുടെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 07.12.2024-ലെ ഡി1/40/2022 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

2. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട്

(ഫയൽ നം.831/സബ്.സി.സി1/2024/നി. സെ.)

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് ഊർജ്ജ (എ) വകുപ്പ് 31.12.2024-

ലെ PWR-A3/73/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

VI സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

1. ഷോളയാറിൽ നിന്നും പെരിങ്ങൽകുത്തിൽ നിന്നും അനുമതിയുള്ളതിനേക്കാൾ കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകുന്നുണ്ടെന്ന വിഷയത്തിന്മേൽ 25.09.2024-ലെ സമിതിയോഗം ഊർജ്ജ വകുപ്പിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫ.നം.13914/സബ്.സി.സി1/2021/നിസെ.Vol- II)

25.09.2024-ലെ സമിതിയോഗം ആവശ്യപ്പെട്ട റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിക്കുന്നതിനായി കൊണ്ടുവന്നിട്ടുള്ളതായി ഊർജ്ജ വകുപ്പ് സെക്രട്ടറി ബോധിപ്പിച്ചപ്പോൾ പ്രസ്തുത റിപ്പോർട്ടിൽ അപാകതകൾ ഉള്ളതായി സമിതി ചെയർപേഴ്സൺ ചൂണ്ടിക്കാട്ടി. 15.05.2025-ാം തീയതി വകുപ്പ് തലത്തിൽ ചേരുന്ന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തതിന് ശേഷം പുതിയ റിപ്പോർട്ട് തയ്യാറാക്കി ഊർജ്ജ വകുപ്പ് ലഭ്യമാക്കുന്നതാണെന്ന് ചെയർപേഴ്സൺ അറിയിച്ചതിനെ തുടർന്ന് നിലവിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് പരിഗണിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

2. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ 31-ാം ഖണ്ഡികയിലെ ശിപാർശയുമായി ബന്ധപ്പെട്ട അധിക വിവരത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫ.നം.5306/സബ്.സി.സി1/2016/നിസെ.Vol- II)

തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി, പ്രത്യേക റിപ്പോർട്ടിലെ 31 -ാം ഖണ്ഡികയിലെ ശിപാർശയുമായി ബന്ധപ്പെട്ട അധികവിവര റിപ്പോർട്ട് സമിതി മുമ്പാകെ നേരിട്ട് സമർപ്പിക്കുകയും ഏറ്റവും കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങളിൽ അപ്നാഘർ പദ്ധതിക്ക് ഭൂമി കണ്ടെത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനായി കളക്ടറുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളെയും പ്രാദേശിക തൊഴിലാളി യൂണിയൻ

ഭാരവാഹികളെയും ഉൾപ്പെടുത്തി ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ബോധിപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 49-ലെ ശിപാർശയുമായി ബന്ധപ്പെട്ട് 08.07.2024-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫ.നം.5229/സബ്.സി.സി1/2023/നിസെ.)

08.07.2024-ലെ സമിതിയോഗ നിർദ്ദേശത്തിന്മേലുള്ള നടപടി റിപ്പോർട്ടിന് ബഹു. വകുപ്പ് മന്ത്രിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതായും നടപടി ക്രമം പൂർത്തിയാക്കി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതാണെന്നും ഊർജ്ജ വകുപ്പ് സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

4. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറികളിലെ തൊഴിൽ സാഹചര്യം വിലയിരുത്തുന്നതിനായി സമിതി സന്ദർശനം നടത്തുന്നത് സംബന്ധിച്ച്.

(ഫ.നം. 5957/സബ്.സി.സി.1/2014/നി.സെ.)

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറികളിലെ തൊഴിൽ സാഹചര്യം വിലയിരുത്തുന്നതിനായി സന്ദർശനം നടത്തുന്നതിന് സമിതി തീരുമാനിച്ചു.

എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ സാധാരണ തൊഴിൽ പരിശീലനം നൽകുന്നതോടൊപ്പം ദേഹാധ്വാനമുള്ള തൊഴിലുകൾക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിനുള്ള പരിശീലനംകൂടി നൽകേണ്ടതുണ്ടെന്നും സംസ്ഥാനത്തിന്റെ പുറത്തുനിന്നും വരുന്ന സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് വിവിധ മേഖലകളിൽ വലിയ തൊഴിൽ സാധ്യതയുള്ള സാഹചര്യത്തിൽ KASE (Kerala Academy for Skills Excellence) മുഖാന്തരം ഇവിടെയുള്ള ആളുകൾക്ക് സാങ്കേതിക പരിജ്ഞാനം ആവശ്യമായ മേഖലകളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് ബഹു. ചെയർപേഴ്സൺ അഭിപ്രായപ്പെട്ടപ്പോൾ KASE മുഖാന്തരം വിവിധ മേഖലകളിൽ സാങ്കേതിക പരിജ്ഞാനം

ആവശ്യമുള്ള തൊഴിലുകൾക്ക് പരിശീലനം നൽകുന്നതിന് തൊഴിൽ വകുപ്പിന് നിർദേശം നൽകാമെന്ന് എക്സ്-ഒഫീഷ്യോ അംഗം വ്യക്തമാക്കി.

സമിതിയുടെ അഖിലേന്ത്യാ പഠന പരിപാടിയ്ക്കായി രൂപരേഖ തയ്യാറാക്കണമെന്നും അടുത്ത യോഗത്തിൽ പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യാമെന്നും സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.20 ന് അവസാനിച്ചു.

20.08.2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2025 ആഗസ്റ്റ് മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി വീഡിയോ കോൺഫറൻസിംഗ് മുഖേന യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
3. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
4. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
5. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.
6. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. മിർ മുഹമ്മദ് അലി, സ്പെഷ്യൽ സെക്രട്ടറി, ഊർജ വകുപ്പ്
2. ശ്രീ. എസ്. ഷാനവാസ്, സ്പെഷ്യൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
3. ശ്രീമതി ബിന്ദു സി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീമതി ശോഭ എൽ., ജോയിന്റ് സെക്രട്ടറി, ധനകാര്യ (തൊഴിൽ) വകുപ്പ്.
5. ശ്രീമതി ജയലക്ഷ്മി ടി. എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ (PU-A) വകുപ്പ്.
6. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഊർജ വകുപ്പ്.
7. ശ്രീമതി പ്രീത ബി., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
8. ശ്രീമതി എൻ. കെ. ചന്ദ്ര, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
9. കുമാരി സഫ്ന നസറുദ്ദീൻ, ലേബർ കമ്മീഷണർ.
10. ശ്രീ. സജീവ് ഇ. പി., സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
11. ശ്രീ. വിജു രാജൻ ജോൺ, ചീഫ് എഞ്ചിനീയർ (ജനറേഷൻ), കെ.എസ്.ഇ.ബി.എൽ.
12. ശ്രീ. ബിജു ആർ., ഡയറക്ടർ (ഫിനാൻസ്), കെ.എസ്.ഇ.ബി.എൽ.
13. ശ്രീ. സണ്ണി സി. ഡി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, (പ്ലാനിങ്), കെ.എസ്.ഇ.ബി.എൽ.
14. ശ്രീ. വിനോദ്, ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ്),കെ.എസ്.ഇ.ബി.എൽ.
15. ശ്രീ. നരേന്ദ്ര നാഥ് വെലൂരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്

2024-ലെ കേരള ധനകാര്യ ആക്ടിൽ ഉൾപ്പെട്ട The Kerala Electricity Duty Act, 1963 (23 of 1963) എന്ന ആക്ടിലെ ഭേദഗതിയിന്മേലുള്ള കരട് ചട്ടം കുടിശ്ശികയായത് സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും സമിതിയുടെ വിവിധ കാലയളവിലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകൾ, തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ചട്ടം 235 എ പ്രകാരം ചേർന്ന യോഗം സംബന്ധിച്ച വിഷയം എന്നിവ സമിതി

പരിഗണിക്കുകയും സമിതിയുടെ 2024 സെപ്റ്റംബർ മാസത്തെ പള്ളിവാസൽ, ഇടുക്കി ഡാമുകൾ, മൂലമറ്റം പവർ ഹൗസ് എന്നിവിടങ്ങളിലെ സന്ദർശനവുമായി ബന്ധപ്പെട്ട് വകുപ്പുദ്യോഗസ്ഥരുമായി തുടർചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I 2024 -ലെ കേരള ധനകാര്യ ആക്ടിൽ ഉൾപ്പെട്ട The Kerala Electricity Duty Act, 1963 (23 of 1963) എന്ന ആക്ടിലെ ഭേദഗതിയിന്മേലുള്ള കരട് ചട്ടം കുടിശ്ശികയായത് സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നത് സംബന്ധിച്ച്

(ഫയൽ നം.11216/സബ്.സി.സി1/2024/നി.സെ.)

2024 -ലെ കേരള ധനകാര്യ ആക്ടിൽ ഉൾപ്പെട്ട The Kerala Electricity Duty Act, 1963 (23 of 1963)എന്ന ആക്ടിലെ ഭേദഗതിയിന്മേൽ കരട് ചട്ടം തയ്യാറാക്കേണ്ടതുണ്ടോയെന്നത് സംബന്ധിച്ച നിയമവകുപ്പിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടതില്ലെന്ന് നിയമവകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടെന്ന് ഊർജ്ജ വകുപ്പ് ജോയിന്റ് സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

II <u>സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന</u>

1. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം.5229/സബ്.സി.സി1/2023/നിസെ)

റിപ്പോർട്ടിലെ **ഖണ്ഡിക 49-ലെ** ശിപാർശയിന്മേൽ ഊർജ്ജ (ബി) വകുപ്പ് 13.05.2025-ലെ ബി1/253/ 2024/ഊ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫ. നം. 12048/സബ്.സി.സി1/2024/നിസെ)

റിപ്പോർട്ടിലെ **4,5,7 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ബി) വകുപ്പിൽ നിന്നും 13.05.2025-ലെ ബി1/182/2024-തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു.

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ബജറ്റിൽ വകയിരുത്തിയ തുക അനുവദിക്കാത്തതുമൂലം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ലെന്നും ഇതുസംബന്ധിച്ച് വ്യാപകമായി പരാതി നിലനിൽക്കുന്നതായും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റിനത്തിൽ 59.89 കോടി രൂപ ലഭിക്കാനുള്ളതായും കഴിഞ്ഞ വർഷം ലഭിച്ച ഒരു കോടി രൂപ ഏപ്രിൽ മാസത്തെ പെൻഷൻ നൽകാനായി ചെലവഴിച്ചതായും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ വ്യക്തമാക്കി. 2024-25 സാമ്പത്തികവർഷം 2.43 കോടി രൂപ വകയിരുത്തിയെങ്കിലും പദ്ധതി വിഹിതങ്ങളുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് പദ്ധതികൾ പ്രയോറിടൈസ് ചെയ്തപ്പോൾ ഒരു കോടി രൂപയുടെ വിനിയോഗാനുമതി മാത്രമാണ് ലഭിച്ചതെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബോധിപ്പിച്ചതിനെ തുടർന്ന് പദ്ധതി പ്രയോറിടൈസ് ചെയ്യുമ്പോൾ അർഹതപ്പെട്ടവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കരുതെന്നും മറ്റ് അപേക്ഷകളിന്മേൽ ആലോചിച്ച് തീരുമാനമെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകി. പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് ഇക്കാര്യം പരിശോധിച്ച ശേഷം മറുപടി നൽകാമെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ബോധിപ്പിച്ചു.

6-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിൽ നിന്നും 26.06.2025-ലെ LBRD-H1/137/2024 നമ്പർ കത്ത് മുഖേനയും **8-ാം ഖണ്ഡികയിലെ** ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ജെ) വകുപ്പിൽ നിന്നും 21.05.2025-ലെ LBRD-J3/153/2024 നമ്പർ കത്ത് മുഖേനയും **9-ാം ഖണ്ഡികയിലെ** ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഇ) വകുപ്പിൽ നിന്നും

16.05.2025-ലെ LBRD-E3/114/2024 നമ്പർ കത്ത് മുഖേനയും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

റിപ്പോർട്ടിലെ **11 മുതൽ 21 വരെയുള്ള ഖണ്ഡികകളിലെയും 44-ാം ഖണ്ഡികയിലെയും** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (സി) വകുപ്പിൽ നിന്നും 23.06.2025-ലെ സി4/138/2024-തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

12-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതി ഹെഡ്ഡിൽ വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും KASE-യുടെ ഭരണപരമായ ചെലവുകൾ നിർവഹിക്കുന്നതിനും 9.371 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നതായും പ്രസ്തുത ഹെഡ്ഡിൽ വകയിരുത്തുന്ന തുക 7.45 കോടി രൂപയായി നിജപ്പെടുത്തുകയും ടി തുകയിൽ ചെലവ് പരിമിതപ്പെടുത്തണമെന്ന നിർദേശം ലഭിച്ചതിനാൽ അധിക തുക ആവശ്യമായി വന്നില്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബോധിപ്പിച്ചു. ബജറ്റ് പ്രൊവിഷനായി ലഭിച്ച 13 കോടി രൂപ പ്ലാൻ കട്ടിന്റെ ഭാഗമായി 7.45 കോടി രൂപയായി കുറവ് വരുത്തുകയും തുക പരിമിതപ്പെടുത്തി പ്രവൃത്തികൾ ചെയ്തതിനാലുമാണ് അധിക തുക ആവശ്യമായി വരാഞ്ഞതെന്നും KASE മുഖേന ട്രെയിനിങ് ലഭിച്ച എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന വിവരം പരിശോധിച്ച ശേഷം ലഭ്യമാക്കാമെന്നും തൊഴിലും നൈപുണ്യവും വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

16-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ ഫുഡ് പ്രോസസ്സിങ് കോഴ്സ് എത്ര ഐ.ടി.ഐ.-കളിലാണ് ഉള്ളതെന്ന് സമിതി ആരാഞ്ഞതിന്, ഗവൺമെന്റ് ഐ.ടി.ഐ. ഫോർ വിമൻ, കൊല്ലം, കൃഷ്ണ മോഹൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ. കൽപ്പറ്റ, പി. ടി. ചാക്കോ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ. പള്ളിക്കത്തോട്, ഗവൺമെന്റ് ബേസിക് ട്രെയിനിങ് സെന്റർ, ചന്ദനത്തോപ്പ് എന്നീ 4 ഐ.ടി.ഐ.-കളിലാണ് ഫുഡ് പ്രോസ്സസിങ് കോഴ്സുള്ളതെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി മികച്ച നിലയിൽ പ്രവർത്തിക്കുന്ന മലമ്പുഴ ഗവൺമെന്റ് ഐ.ടി.ഐ.-

യിൽ ഫുഡ് പ്രോസസിങ് കോഴ്സ് അനുവദിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ അക്കാര്യം പരിശോധിക്കാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

21-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള സർക്കാർ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഉയർന്ന ക്ലാസുകളിൽ ഭാഷയുടെ പ്രശ്നം വരുന്നുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ പന്ത്രണ്ടാം ക്ലാസ്സ് വരെ ഭാഷാന്യൂനപക്ഷങ്ങൾക്ക് സ്വഭാഷയിൽ വിദ്യാഭ്യാസം നടത്താനുള്ള സൗകര്യമുണ്ടെന്നും ടെക്നോളജികൾ ഇംഗ്ലീഷ് ഭാഷയിലായതിനാൽ ഉന്നത വിദ്യാഭ്യാസം/ടെക്നിക്കൽ എഡ്യൂക്കേഷനിലേക്ക് പോകുമ്പോൾ പഠനമാധ്യമം ഇംഗ്ലീഷിലേക്ക് മാറേണ്ടതുണ്ടെന്നും ഭാഷയുടെ പ്രശ്നമുള്ളതിനാൽ കാസർഗോഡ് ജില്ലയിലെ ഐ.ടി.ഐ.-കളിൽ മറ്റ് ജില്ലകളിൽനിന്നുള്ള അധ്യാപകരെ നിയമിക്കാൻ സാധിക്കുന്നില്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പ്,സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. ഭാഷാന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾ പഠിക്കുന്ന ഐ.ടി.ഐ.-കളിൽ അവരുടെ ഭാഷയിൽ വിദ്യാഭ്യാസം നടത്താനുള്ള സൗകര്യമൊരുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

22,23 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ബി) വകുപ്പിൽ നിന്നും 27.05.2025-ലെ ബി2/211/2024-തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

25-27, 29-31, 37-43 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പിൽ നിന്നും 12.05.2025-ലെ ജി3/200/2024-തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും **32 - 35 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പിൽ നിന്നും 19.05.2025-ലെ LBRD-G2/1/2025 നമ്പർ കത്ത് മുഖേന ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നടപടി സ്റ്റേറ്റ്മെന്റിൽ കിലെയ്ക്ക് അധിക തുക അനുവദിച്ചിട്ടില്ലെന്ന് പറഞ്ഞിരിക്കുന്നതിന്റെ കാരണത്തെക്കുറിച്ച് സമിതി ആരാഞ്ഞു. അക്കാര്യം

പരിശോധിച്ച് ഉടൻതന്നെ മറുപടി നൽകാമെന്ന് ധനകാര്യ (തൊഴിൽ) വകുപ്പ് ജോയിന്റ് സെക്രട്ടറി ബോധിപ്പിച്ചു.

36-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പിൽ നിന്നും 19.05.2025-ലെ LBRD-G2/80/2025 നമ്പർ കത്ത് മുഖേന ലഭിച്ച സർക്കാർ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ ഒഡെപെക്കിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ചില്ലെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചപ്പോൾ ഒഡെപെക്കിന് അധിക തുക അനുവദിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം ഒരിക്കൽക്കൂടി ശിപാർശ ചെയ്യുന്ന കാര്യം പരിഗണിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

45 മുതൽ 48 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തൊഴിലും നൈപുണ്യവും (എഫ്) വകുപ്പിൽ നിന്നും 09.05.2025-ലെ LBRD-F1/78/2024 നമ്പർ കത്ത് മുഖേന ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

49-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജ (എ) വകുപ്പിൽ നിന്നും 20.06.2025-ലെ എ 1/323/2024-ഊ.വ. നമ്പർ കത്ത് മുഖേനയും **50, 52-56, 63-66, 72 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ ഊർജ്ജ (സി) വകുപ്പിൽ നിന്നും 26.07.2025-ലെ സി1/142/2024-ഊർജ്ജം നമ്പർ കത്ത് മുഖേനയും

57-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജ (ബി) വകുപ്പിൽ നിന്നും 19.06.2025-ലെ 61/ബി2/ 2024-ഊ.വ. നമ്പർ കത്ത് മുഖേനയും **71, 73 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ ഊർജ്ജ (എ) വകുപ്പിൽ നിന്നും 27.06.2025-ലെ എ 1/321/2024-ഊ.വ., നമ്പർ കത്ത് മുഖേനയും **77, 78 എന്നീ ഖണ്ഡികകളിലെ** ശിപാർശകളിന്മേൽ ഊർജ്ജ (എ) വകുപ്പിൽ നിന്നും 08.07.2025-ലെ എ 1/218/2024-ഊ.വ., നമ്പർ കത്ത് മുഖേനയും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കെ.എസ്.ഇ.ബി.എൽ-ന്റെ നിയന്ത്രണത്തിലുള്ള പഴക്കമുള്ള ഡാമുകൾക്ക് പ്രത്യേകം ശ്രദ്ധ നൽകണമെന്നും വേൾഡ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് ഡാമുകൾ മെയിന്റനൻസ് ചെയ്യുന്ന പ്രവൃത്തികൾ കൃത്യമായി മോണിറ്ററിങ് നടത്തണമെന്നും സമിതി നിർദ്ദേശിച്ചു. ഖണ്ഡിക 77-ലെ അംഗൻജ്യോതി പദ്ധതി സംബന്ധിച്ച് പുതുതായി വരുന്ന ഹൈടെക് അങ്കണവാടികളിൽ സോളാർ സിസ്റ്റം ചെയ്യുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സോളാർ സിസ്റ്റം ചെയ്യുന്നതിനുള്ള നടപടികൾക്ക് തീരുമാനമായിട്ടുണ്ടെന്ന് ഊർജ്ജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബോധിപ്പിച്ചു.

III) ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകളുടെ പരിഗണന

1. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 143/സബ്.സി.സി1/2019/നി.സെ.)

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് തൊഴിലും നൈപുണ്യവും (ബി) വകുപ്പ് 02.06.2025-ലെ ബി3/86/2022-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

2. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 454/സബ്.സി.സി1/2020/നി.സെ.)

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച

വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് തൊഴിലും നൈപുണ്യവും (ബി) വകുപ്പ് 02.06.2025-ലെ ബി3/86/2022-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

3. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 796/സബ്.സി.സി1/2023/നി.സെ.)

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് 16.05.2025-ലെ LBRD-E2/25/2023 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെയും തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് 09.05.2025-ലെ LBRD-H3/19/2023 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെയും തൊഴിലും നൈപുണ്യവും (ബി) വകുപ്പ് 14.03.2025-ലെ ബി1/18/2023-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെയും 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

4. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 831/സബ്.സി.സി1/2024/നി.സെ.)

തൊഴിലും നൈപുണ്യവും (ബി) വകുപ്പ് 22.05.2025-ലെ ബി1/54/2024-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെയും

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് 16.05.2025-ലെ LBRD-E2/97/2024 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെയും തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് 28.05.2025-ലെ LBRD-H3/24/2024 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെയും 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

IV <u>സമിതിയുടെ 02.09.2024, 03.09.2024 എന്നീ തീയതികളിലെ പള്ളിവാസൽ, ഇടുക്കി ഡാമുകൾ, മൂലമറ്റം പവർ ഹൗസ് എന്നിവിടങ്ങളിലെ സന്ദർശനവും അനുബന്ധയോഗങ്ങളും - തുടർച്ച</u>

(ഫ.നം.15302/സബ്.സി.സി1/2023/നി.സെ.)

വിവിധ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഡാഷ് ബോർഡ് സംവിധാനം സ്ഥാപിക്കുന്നതിന്റെ തൽസ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഉൽപാദന-പ്രസരണ-വിതരണ വിഭാഗങ്ങളിലെ പദ്ധതികളുടെ കൃത്യമായ നിരീക്ഷണത്തിനും പുരോഗതി വിലയിരുത്തുന്നതിനുമാണ് എ.ഐ. ബേസ്ഡ് ബിസിനസ് വെയർഹൗസ് ആൻഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം എന്ന ഡാഷ് ബോർഡ് നിർമ്മിക്കാൻ തീരുമാനിച്ചതെന്നും ടെൻഡർ നടപടി പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ള പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷത്തിനുള്ളിൽ ഡാഷ് ബോർഡ് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു

പള്ളിവാസൽ ജലവൈദ്യുത വിപുലീകരണ പദ്ധതിയുടെയും തൊട്ടിയാർ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് പള്ളിവാസൽ ജലവൈദ്യുത വിപുലീകരണ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം അടുത്ത മാസം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും നിലവിൽ 30 മെഗാവാട്ട് ശേഷിയുള്ള രണ്ട്

ജനറേറ്ററുകൾ സ്ഥാപിച്ച് വ്യാവസായിക ഉൽപാദനം ആരംഭിച്ചിട്ടുള്ളതായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 28-10-2024-ന് ഉദ്ഘാടനം നിർവഹിച്ച് പൂർണതോതിൽ ഉൽപാദനം നടന്നുവരുന്ന തൊട്ടിയാർ ജലവൈദ്യുത പദ്ധതിക്കായി 10 MW-ഉം 30 MW-ഉം ശേഷിയുള്ള രണ്ട് ജനറേറ്ററുകൾ സ്ഥാപിച്ചതോടെ നാളിതുവരെ 113 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ മറുപടി നൽകി. കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റിൽ ഓരോ പ്രോജക്ടിന്റെയും കറന്റ് സ്റ്റാറ്റസ് പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുമെന്നും ഓട്ടോമേറ്റഡ് ഡാഷ് ബോർഡ് സ്ഥാപിക്കുന്നതോടുകൂടി ഡാം പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി അറിയാൻ സാധിക്കുമെന്നും ഊർജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

വെള്ളപ്പൊക്ക നിയന്ത്രണത്തിനായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് നേടിയെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചും ഊർജം, കൃഷി, ജലസേചനം, ടൂറിസം എന്നീ വകുപ്പുകളുമായി സംയുക്ത പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്നതു സംബന്ധിച്ചും സമിതി ആരാഞ്ഞപ്പോൾ മൂന്നാർ ലക്ഷ്മി ജലവൈദ്യുത പദ്ധതിക്കായി 100 എം.സി.എം. സംഭരണശേഷിയുള്ള ഡാമാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും പ്രസ്തുത ഡാമിന്റെ നിർമ്മാണഘട്ടത്തിൽ ഫ്ലഡ് കൺട്രോൾ മെഷേഴ്സും കൂടി ഉൾപ്പെടുത്താമെന്നും പ്രസ്തുത പ്രവൃത്തി യാഥാർഥ്യമാകുന്നതോടുകൂടി ടൂറിസം, കൃഷി, കുടിവെള്ളം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കുമെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ മറുപടി നൽകി.

100 ദശലക്ഷം ക്യൂബിക് മീറ്റർ സൈസിലുള്ള റിസർവോയറുണ്ടെങ്കിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ എന്നും നിലവിൽ പ്രസ്തുത അളവിൽ വെള്ളം ശേഖരിക്കാൻ ശേഷിയുള്ള ഡാമുകളൊന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ലെന്നും പ്രസ്തുത ആവശ്യം നിറവേറ്റുന്നതിന് നേരിയ സാധ്യതയുള്ളത് 300 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളം ഉൾക്കൊള്ളാൻ ശേഷിയുള്ള അപ്പർ പെരിങ്ങൽകുത്ത് ഡാം മാത്രമാണെന്നും ചാലക്കുടിപ്പുഴയിലെ വെള്ളപ്പൊക്ക നിയന്ത്രണം സാധ്യമാക്കാവുന്ന പ്രസ്തുത ഡാമിന്റെ സബ്മെർജൻസ് ഏരിയ പറമ്പിക്കുളം ടൈഗർ റിസർവ് ഉൾപ്പെടുന്നതിനാൽ പ്രിലിമിനറി സർവെ നടത്താനുള്ള

അനുമതി പോലും വനം വകുപ്പിൽ നിന്നും ലഭിക്കുന്നില്ലെന്നും അച്ചൻകോവിൽ പമ്പാ നദികളെ ബന്ധിപ്പിക്കുന്ന ട്വിൻ കല്ലാർ പദ്ധതിയിലും ഫ്ലഡ് കൺട്രോൾ സാധ്യമാകുന്ന തരത്തിലുള്ള ഡാമാണ് വിഭാവനം ചെയ്തിരിക്കുന്നതെങ്കിലും 1500 ഹെക്ടറോളം വനഭൂമി സബ്മെർജൻസ് ആയതിനാൽ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുന്നില്ലെന്നും നിലവിലുള്ള പദ്ധതികളൊന്നും കേന്ദ്ര സർക്കാരിന്റെ വെള്ളപ്പൊക്ക നിയന്ത്രണ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതുകൊണ്ടാണ് കേന്ദ്രഫണ്ട് ലഭിക്കാത്തതെന്നും ഇക്കാര്യത്തിൽ കൂടുതൽ പരിശോധന നടത്താമെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ മറുപടി നൽകി.

ഹൈഡൽ ടൂറിസം പോളിസി തയ്യാറാക്കാനായി കെ.എസ്.ഇ.ബി.എൽ., ടൂറിസം, റവന്യൂ എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി രണ്ട് മീറ്റിങ്ങുകൾ നടത്തിയിരുന്നതായും ഒരു മാസത്തിനകം ഡ്രാഫ്റ്റ് പോളിസി സർക്കാരിലേക്ക് സമർപ്പിക്കാൻ സാധിക്കുമെന്നും ഡാമിന്റെ പരിസര പ്രദേശങ്ങളിൽ വനം വകുപ്പിന്റെ നിയന്ത്രണമുണ്ടെന്നും ഊർജ്ജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബോധിപ്പിച്ചു.

ഇടുക്കിയിലെ പൊരികണ്ണിയിൽ ഒരു ഡാം നിർമ്മിച്ച് ജലസേചനത്തിനും ടൂറിസത്തിനും കൃഷിക്കും പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ വിഭാവനം ചെയ്ത പദ്ധതിക്കായി ഇൻവെസ്റ്റിഗേഷൻ ടീമിന്റെ പരിശോധന കഴിഞ്ഞതിനുശേഷമുള്ള നടപടികൾ വിശദമാക്കാൻ സമിതി ആവശ്യപ്പെട്ടു.

പൊരികണ്ണിയിൽ പദ്ധതി പ്രദേശത്ത് പുഴ തിരശ്ചീനമായ പ്രതലത്തിലൂടെ ഒഴുകുന്നതിനാൽ ചെറിയ ഡാം നിർമ്മിച്ചാൽപോലും ഹൈവേയിലേക്ക് വെള്ളം കയറുമെന്നതുകൊണ്ടാണ് പദ്ധതിയുമായി മുന്നോട്ടുപോകാതിരുന്നതെന്നും മുല്ലപ്പെരിയാർ ഡാമിൽനിന്നും പ്രസ്തുത പുഴയിലേക്ക് വെള്ളം ഒഴുകുന്നില്ലെന്നും അതിന് താഴെയുള്ള ക്യാച്ച്മെന്റ് ഏരിയയിൽനിന്നുള്ള വെള്ളം മാത്രം ലഭിക്കുന്നതിനാൽ ഹെഡ് അവയിലബിലിറ്റി കുറവാണെന്നും അതിനാൽ കെ.എസ്.ഇ.ബി.എൽ.-ന് മാത്രമായി അവിടെ ഡാം നിർമ്മിച്ചാൽ സാമ്പത്തികമായി പ്രയോജനം ലഭിക്കുകയില്ലെന്നും ഇറിഗേഷൻ വകുപ്പിന് പ്രാമുഖ്യം നൽകി വൈദ്യുതി ഉൽപാദനംകൂടി സാധ്യമാകുന്ന പദ്ധതിയാണെങ്കിൽ മാത്രമേ കെ.എസ്.ഇ.ബി.എൽ.-ന് കോസ്റ്റ് വയബിലിറ്റി ലഭിക്കുകയുള്ളൂ എന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ മറുപടി നൽകി. പ്രസ്തുത വിഷയം സംബന്ധിച്ച് ഇറിഗേഷൻ വകുപ്പിന്റെയും

കെ.എസ്.ഇ.ബി.എൽ.-ന്റെയും ഉദ്യോഗസ്ഥരുടെ സംയുക്ത യോഗം വകുപ്പ് തലത്തിൽ വിളിച്ചുചേർത്ത് ഉചിതമായ തീരുമാനമെടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഊർജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബോധിപ്പിച്ചു.

മുല്ലപ്പെരിയാർ ഡാമിലെ വെള്ളം ഒഴുകുന്നതിനേക്കാൾ ഹെഡ് അവയിലബിലിറ്റി ഇല്ലാത്ത തമിഴ്നാട്ടിൽ നാല് സ്റ്റെപ്പായി വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ടെന്നും വനം വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളില്ലാത്ത പ്രസ്തുത സ്ഥലത്ത് ഇറിഗേഷൻ, കൃഷി, ഊർജം, ടൂറിസം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയോജിച്ച് നടപ്പാക്കേണ്ട പദ്ധതിയാണിതെന്നും സമിതി നിരീക്ഷിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിശദവിവരം കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമുണ്ടെന്നും ട്രാൻസ്മിഷൻ മേഖലയിൽ രണ്ടുംമൂന്നും വർഷങ്ങൾ കഴിഞ്ഞാലും പരിസ്ഥിതി-വനം വകുപ്പുകളുടെ ക്ലിയറൻസ് ലഭിക്കാറില്ലെന്നും മാങ്കുളം പദ്ധതിയുടെ 22 ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരിച്ച് വെള്ളം കെട്ടിനിർത്താമെന്നല്ലാതെ ട്രാൻസ്മിഷനായി വനം വകുപ്പിന്റെ അനുമതി ലഭിക്കുകയില്ലെന്നും ജനവാസ മേഖലയിലല്ലാത്ത നിലവിലുള്ള റോഡിലൂടെ അനുമതി നൽകാതെ 9 കോളനികളുള്ള സ്ഥലത്തുകൂടി ട്രാൻസ്മിഷൻ ലൈൻ കൊണ്ടുപോകണമെന്നാണ് പറയുന്നതെന്നും ഊർജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി വകുപ്പ് തലത്തിൽ സെക്രട്ടറിമാരുടെ യോഗം വിളിക്കാമെന്ന് സമിതി ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

മുല്ലപ്പെരിയാറിൽ വെള്ളം കുറവാണെങ്കിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് വെള്ളം സ്റ്റോക്ക് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും നാണ്യവിളകളായ കാപ്പി, ഏലം, കുരുമുളക് തുടങ്ങിയവയ്ക്ക് ജലസേചനത്തിനുള്ള സൗകര്യംകൂടി ഒരുക്കുകയാണെങ്കിൽ സാമ്പത്തികമായി വലിയ നേട്ടങ്ങൾ കൈവരിക്കാനാകുമെന്നും നിരീക്ഷിച്ച സമിതി അതിനുള്ള ഒരു പദ്ധതി തയ്യാറാക്കണമെന്ന് അഭിപ്രായപ്പെട്ടു.

റെഗുലേറ്ററി കമ്മീഷൻ 10.27 കോടി രൂപ മാത്രമെ ഒരു മെഗാവാട്ട് വൈദ്യുതിക്ക് മൂലധന ചെലവ് വരാൻ പാടുള്ളൂവെന്ന കട്ട് ഓഫ് നിഷ്കർഷിച്ചതാണ് കെ.എസ്.ഇ.ബി.എൽ.-ന് മുമ്പിലുള്ള വെല്ലുവിളിയെന്നും ജലസേചന വകുപ്പുമായി

യോജിച്ച് ചെയ്യുകയാണെങ്കിൽ കുറച്ചുകൂടി ഫലപ്രദമായിരിക്കുമെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അറിയിച്ചു.

കേരളത്തിന്റെ വെള്ളം ഉപയോഗിച്ച് തമിഴ്നാട്ടിലെ ജനങ്ങൾ ദൈനംദിന-കാർഷിക ആവശ്യങ്ങൾ നിറവേറ്റുമ്പോൾ തദ്ദേശിയർക്ക് വെള്ളം ഉപയോഗിക്കാൻ അനുമതി നിഷേധിക്കുന്ന നടപടി അനീതിയാണെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ 1400 മെഗാവാട്ടിന്റെ പദ്ധതികളാണ് ഷെൽവ് ചെയ്ത് വയ്ക്കേണ്ടിവന്നിരിക്കുന്നതെന്നും പാണ്ടിയാർ-പുന്നപ്പുഴ, ചോലാടി തുടങ്ങി ഭൂരിഭാഗവും തമിഴ്നാട്ടുമായി തർക്കം നിലവിലുള്ള പദ്ധതികളാണെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ അറിയിച്ചു.

ഭൂതത്താൻകെട്ട്, ചെങ്കുളം എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെയും നിലവിൽ നിർമ്മാണത്തിലുള്ള മറ്റ് പദ്ധതികളുടേയും പുരോഗതിയെക്കുറിച്ചും പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യമുണ്ടായിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

ഭൂതത്താൻകെട്ട് 24 മെഗാവാട്ട് പദ്ധതിയുടെ 94 ശതമാനം വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇലക്ട്രിക്കൽ, ജനറേറ്റർ, ടർബൈൻ വർക്കുകളാണ് പൂർത്തീകരിക്കാനുള്ളതെന്നും ഭൂതത്താൻകെട്ട് അണക്കെട്ടിന്റെ മുഴുവൻ വർക്കും ഏറ്റെടുത്തിരിക്കുന്നത് തമിഴ്നാട്ടിലുള്ള ഒരു കമ്പനിയാണെന്നും ടർബൈനുകളുടെ നിർമ്മാണച്ചുമതല പ്രസ്തുത കമ്പനിയുടെ പാർട്ണറായ ചൈനീസ് കമ്പനിക്കാണെന്നും തമിഴ്നാട് കമ്പനി ചൈനീസ് കമ്പനിയ്ക്ക് തുക നൽകുന്നതിൽ വരുത്തിയിട്ടുള്ള കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കത്തിന് പരിഹാരം കാണാൻ സാധിക്കാത്തതിനാൽ നിലവിലെ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്ത് ബാക്കി ഭാഗം റിസ്ക് ആൻഡ് കോസ്റ്റ് ആയി റീ-ടെൻഡർ ചെയ്യാമെന്ന ബോർഡ് തീരുമാനമനുസരിച്ച് ഉടൻതന്നെ റീ-ടെൻഡർ ചെയ്യുന്നതാണെന്നും ഊർജ്ജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

2018-19 കാലഘട്ടത്തിൽ 94 ശതമാനം പൂർത്തീകരിച്ച ഭൂതത്താൻകെട്ട് പദ്ധതി ഇതേ വരെ പൂർണ്ണമായും പണി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തത് ഗുരുതരമായ അനാസ്ഥയാണെന്ന് സമിതി നിരീക്ഷിച്ചു.

പദ്ധതിയുടെ നിർമ്മാണത്തിൽ അനാവശ്യ കാലതാമസം ഉണ്ടായിട്ടുണ്ടെന്നത് വാസ്തവമാണെന്നും 2018-ൽ ടർബൈൻ പരിശോധിക്കാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഒരു ടീം അവിടെ പോകാൻ തീരുമാനിച്ചിരുന്നെങ്കിലും പ്രളയം ഉണ്ടായതുമൂലം സാധിച്ചില്ലെന്നും ഒരു മാസത്തിനുള്ളിൽ റീ-ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഊർജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

24 മെഗാവാട്ട് ശേഷിയുള്ള ചെങ്കുളം ജലവൈദ്യുത പദ്ധതി പ്രദേശത്ത് പാറപൊട്ടിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുമായി നിലനിന്നിരുന്ന വിഷയം പരിഹരിക്കുകയും പവർഹൗസ് ഭാഗത്തെ ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകളിലെ നാല് കുടുംബങ്ങളെ താൽക്കാലികമായി മാറ്റി പാർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത സ്ഥലം ബോർഡ് ഏറ്റെടുത്ത് പവർഹൗസ് ഏരിയയിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു.

മൂന്നാർ ലക്ഷ്മി പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും പുതുതായി പ്രോജക്ടുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞു.

മൂന്നാർ ലക്ഷ്മി പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട എഗ്രിമെന്റ് സൈൻ ചെയ്തിട്ടുണ്ടെന്നും ഡി.പി.ആർ. മുപ്പത് മാസംകൊണ്ട് പൂർത്തിയാകുമെന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടാറ്റ എതിർപ്പ് അറിയിച്ചിട്ടുണ്ടെന്നും അതിനാൽ തുടർനടപടികൾക്കായി സർക്കാർതലത്തിലുള്ള ഇടപെടൽ ആവശ്യമാണെന്നും തൊഴിലാളികളുടെ തൊഴിലും ലയങ്ങളും നഷ്ടപ്പെടുമെന്നതാണ് ടാറ്റ ഉന്നയിക്കുന്ന വിഷയമെന്നും കഴിഞ്ഞ ആഴ്ച ഇതുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് സൈൻ ചെയ്തിട്ടുണ്ടെന്നും ലയങ്ങൾ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

മൂന്നാർ ലക്ഷ്മി പ്രോജക്ടുമായി ബന്ധപ്പെട്ട വിഷയം ഉദ്യോഗസ്ഥർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും പാട്ടഭൂമിയിൽ ടാറ്റയ്ക്ക് യാതൊരു അവകാശവുമില്ലെന്നും തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് നഷ്ട പരിഹാരം നൽകുന്നതിനും ലയങ്ങൾ നഷ്ടമായവരെ പുനരധിവസിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകണമെന്നും അഭിപ്രായപ്പെട്ടു.

കല്ലാർകുട്ടി, വെള്ളത്തൂവൽ ഡാമുകളിലെ മണൽ നീക്കവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും മറ്റ് ഡാമുകളിലെ സ്ഥിതി എന്താണെന്നും സമിതി ആരാഞ്ഞു.

ബോർഡിന്റെ അധീനതയിലുള്ള 17 റിസർവോയറുകളിൽ bathymetric survey നടത്തിയതിൽ ചെളി ഏറ്റവും കൂടുതലുള്ള കല്ലാർകുട്ടി, വെള്ളത്തൂവൽ ഡാമുകളിൽ നിന്ന് ചെളിനീക്കം ചെയ്യുന്ന പ്രവൃത്തിക്കായി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഹൈപവർ എംപവേർഡ് കമ്മിറ്റിയുടെ അപ്രൂവലും ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് KIIDC (Kerala Irrigation Infrastructure Development Corporation Limited) എന്ന സ്ഥാപനത്തിന് വർക്ക് അവാർഡ് ചെയ്ത് എം.ഒ.യു. സൈൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ടെൻഡർ തുകയിൽ നിന്ന് 75 ശതമാനം സർക്കാരിനും 25 ശതമാനം KIIDC-നുമാണ് ലഭിക്കുന്നതെന്നും സർക്കാർ വിഹിതത്തിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-ന് 20 ശതമാനം തുകയാണ് ലഭിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു.

ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നല്ലൊരു തുക ആവശ്യമായതിനാൽ ഡാമുകളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 50 ശതമാനം തുകയെങ്കിലും ഡാം, കനാൽ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി മാറ്റിവയ്ക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇടുക്കി ഡാമിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് WAPCOS ലിമിറ്റഡ് കാലതാമസം വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ ഇപ്രകാരം കാലതാമസം വരാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോയെന്നും സമിതി ആരാഞ്ഞു. ഡി.പി.ആർ. തയ്യാറാക്കുന്നതിന് WAPCOS മനഃപൂർവം കാലതാമസം വരുത്തിയതല്ലെന്ന് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിച്ചപ്പോൾ ഇത് സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത പ്രവൃത്തി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. ചെയർമാനെ ചുമതലപ്പെടുത്താമെന്ന് ബഹു.വൈദ്യുതി വകുപ്പ് മന്ത്രി അറിയിച്ചു.

ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം നദികളിൽ പാരിസ്ഥിതിക നീരൊഴുക്ക് അഥവാ environmental flow (e-flow) നിലനിർത്തണമെന്ന്

നിർദേശിച്ചിരുന്നതായും പുതിയ ഡാമുകൾക്ക് പാരിസ്ഥിതിക നീരൊഴുക്ക് ആവശ്യമാണെന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയമമനുസരിച്ച് പുതിയ ഡാം നിർമ്മിക്കുമ്പോൾ വെള്ളം മുഴുവൻ ശേഖരിക്കാൻ പാടില്ലെന്നും കുറച്ചുവെള്ളം പുഴയുടെ റൂട്ടിലേക്ക് ഒഴുക്കിവിടണമെന്നും പാരിസ്ഥിതിക നീരൊഴുക്കില്ലാത്ത ഒരു പദ്ധതിക്കും കപ്പാസിറ്റി ഫിക്സ് ചെയ്തു നൽകുന്നില്ലെന്നും മൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് അനുമതി ലഭിച്ച ഇടുക്കി പദ്ധതിയിൽ പെരിയാറിലെ നീരൊഴുക്ക് പ്രയോജനപ്പെടുത്തി പവർ ജനറേറ്റ് ചെയ്തതിനുശേഷം മൂവാറ്റുപുഴ ബേസിനിലേക്ക് കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും നിലവിൽ ഇടുക്കി ഡാമിലേക്ക് വെള്ളമെത്തുന്ന പെരിയാറിന്റെ സഞ്ചാരപാതയിൽ തന്നെ വ്യത്യാസം വരുത്തിയിട്ടുണ്ടെന്നും പെരിയാറിന്റെ യഥാർഥ സഞ്ചാരം ജനവാസ മേഖലയിലൂടെയതിനാൽ പ്രസ്തുത നിയമം ഇടുക്കി ഡാമിന്റെ കാര്യത്തിൽ പാലിക്കപ്പെടാൻ സാധ്യതയില്ലെന്നും പ്രസ്തുത റൂളിൽ നിന്ന് ഇടുക്കി ഡാമിനെ ഒഴിവാക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയവുമായി ആശയവിനിമയം നടത്തുന്നുണ്ടെന്നും ഊർജ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടില്ലേയെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രൊപ്പോസൽ തയ്യാറാക്കി അയച്ചതിനുശേഷമാണ് ഒബ്ജക്ഷൻ വന്നതെന്ന് ഊർജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

മുല്ലപ്പെരിയാർ ഡാമിൽ e-flow ഇല്ലെന്നുള്ളത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരണമെന്നും ഡാമിന്റെ ജലനിരപ്പ് 135-ൽ നിന്നും 152-അടിയാക്കി ഉയർത്തിയപ്പോൾ ഒരുതുള്ളി വെള്ളംപോലും ഒഴുക്കിവിടുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ മുല്ലപ്പെരിയാർ പഴക്കം ചെന്ന ഡാം ആണെന്നും പുതിയ ഡാം നിർമ്മിക്കുമ്പോഴാണ് ഈ റൂൾ ബാധകമാക്കുന്നതെന്നും ഊർജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകുകയും 2015-ലാണ് നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവ് വന്നതെന്നും പുതിയ പദ്ധതികളുമായി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയെ സമീപിക്കുമ്പോഴാണ് പാരിസ്ഥിതിക നീരൊഴുക്കിനെ കുറിച്ച് പറയുന്നതെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് ഒരു വർഷം മുമ്പ് ഊർജ വകുപ്പിന് നൽകിയിരുന്നതായും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിക്കുകയും ചെയ്തു.

കാലപ്പഴക്കമേറിയ മുല്ലപ്പെരിയാർ ഡാം ബലപ്പെടുത്തേണ്ടതുണ്ടെന്നും മുല്ലപ്പെരിയാർ കേസിൽ കക്ഷി ചേരാൻ സാധിക്കുമോയെന്ന് അന്വേഷിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി ഇടുക്കി ഡാമിന് ബലക്ഷയം വരാൻ സാധ്യതയുണ്ടോയെന്ന് ആരാഞ്ഞപ്പോൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

കുളമാവിൽ കൺട്രോൾ ഗേറ്റ് സ്ഥാപിക്കുന്ന വിഷയത്തിൽ വനം വകുപ്പിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ ഇടുക്കി രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി പുതിയൊരു ടണലും ഇൻടേക്ക് അഥവാ കൺട്രോൾ ഗേറ്റ് കുളമാവ് ഡാമിനോട് ചേർന്ന് വരുന്നുണ്ടെന്നും പാറയുടെ ബല പരിശോധനയുടെ ആദ്യ ഘട്ടത്തിൽ വനം വകുപ്പ് തടസ്സങ്ങൾ ഉന്നയിച്ചിരുന്നെങ്കിലും കോർ ബോറിങ് പൂർത്തീകരിക്കുകയും പോസിറ്റീവായ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ മറുപടി നൽകി.

പ്രവർത്തന പുരോഗതിയിലുള്ളതും പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ ചെറുകിട ജല വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്നും കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആനുപാതികമായി പമ്പ്ഡ് സ്റ്റോറേജ് സംവിധാനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

നിലവിൽ 2000 മെഗാവാട്ട് ശേഷിയുള്ള പമ്പ്ഡ് സ്റ്റോറേജ് സംവിധാനം ഉത്തരവായിട്ടുള്ളതായും കക്കയം റിസർവോയറും പെരുവണ്ണാമൂഴി ഇറിഗേഷൻ ഡാമും തമ്മിൽ കണക്ട് ചെയ്ത് വളരെ ആദായകരമായ രീതിയിൽ 800 മെഗാവാട്ട് കപ്പാസിറ്റിയിലുള്ള പമ്പ്ഡ് സ്റ്റോറേജ് പദ്ധതി നടപ്പാക്കാൻ സാധിക്കുമെന്നും ഇടുക്കിയിൽ ഒരു റിസർവോയർ മാത്രമുള്ളതിനാൽ മൂലമറ്റത്ത് 700 മെഗാവാട്ടിന്റെ ഒരു റിസർവോയർ പുതുതായി സ്ഥാപിക്കേണ്ടിവരുമെന്നും പെരിങ്ങൽകുത്തിലും (400 മെഗാവാട്ട്), പൊൻമുടി റിസർവോയറിനെ ബേസ് ചെയ്തും പമ്പ്ഡ് സ്റ്റോറേജ് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടെന്നും മുതിരപ്പുഴയിൽ 100 മെഗാവാട്ടിന്റെ ഡി.പി.ആർ. കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കുന്നുണ്ടെന്നും പി.എഫ്.ആർ. ജനുവരിയിൽ തയ്യാറാക്കുകയും സ്കീം വയബിളാണെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടെന്നും ഭൂഗർഭ രീതിയിലുള്ള പവർ ഹൗസ് ആവശ്യമുള്ളതിനാൽ കക്കയം പദ്ധതിക്ക് കുറച്ചുകൂടി

സമയംവേണ്ടിവരുമെന്നും അതിന് പുതിയ സാങ്കേതികവിദ്യ അനുസരിച്ചുള്ള ടെസ്റ്റുകൾ ആവശ്യമാണെന്നും അതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനായി കൺസൾട്ടന്റിനെ ഏർപ്പെടുത്താനുള്ള ടെൻഡർ ഉടൻ അപ്‌ലോഡ് ചെയ്യുന്നതാണെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ മറുപടി നൽകി. താരിഫ് റേറ്റിൽ ടെൻഡർ ചെയ്യാനുള്ള സാധ്യത പരിശോധിച്ചിരുന്നതായും അതിനായി പ്രത്യേകം എസ്.പി.വി. രൂപീകരിക്കേണ്ടിവരുമെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ മറുപടി നൽകി.

ഡാമുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ഊർജോൽപാദനം നടത്തുന്നതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സംസ്ഥാനത്ത് വിൻഡ് എനർജിയുടെ സാധ്യതകൾ എന്തൊക്കെയാണെന്നും രാമക്കൽമേട് വിൻഡ് എനർജി പ്രോജക്ട് നടപ്പാക്കാൻ കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു.

2022-ൽ ഡാമുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ വിളിച്ചിരുന്നതായും 4.38 രൂപ മുതൽ 7 രൂപ വരെയുള്ള ഉയർന്ന നിരക്കായിരുന്നു ലഭിച്ചിരുന്നതെന്നും നിലവിൽ ഇതിന്റെ പ്രാരംഭ നടപടികൾക്കായി അനെർട്ടിന് ടെൻഡർ നൽകിയിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു.

കല്ലട, പോത്തുണ്ടി, കാരാപ്പുഴ എന്നീ മൂന്ന് ഡാമുകളിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടെ 750 മെഗാവാട്ട് സ്റ്റോറേജ് കപ്പാസിറ്റിയുള്ള പദ്ധതിയുടെ ജിയോ ഫിസിക്കൽ, ജിയോ ടെക്നിക്കൽ സ്റ്റഡീസ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്നും കാബിനറ്റ് അംഗീകാരം ലഭിച്ച ഗൈഡ്‌ലൈൻസ് പ്രകാരം ആഗസ്റ്റ് ഒന്നാം തീയതിയാണ് എംപവേർഡ് കമ്മിറ്റിയുടെ ഉത്തരവ് ഇറങ്ങിയതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള എംപവേർഡ് കമ്മിറ്റി ഈ മാസം തന്നെ യോഗം ചേരുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്യുമെന്നും GAIL, NTPC തുടങ്ങിയ സ്ഥാപനങ്ങൾ താൽപര്യമറിയിച്ചിട്ടുണ്ടെന്നും ഡാമിന്റെ സർഫസ് ഏരിയയുടെ 10 ശതമാനം മാത്രമാണ് ഫ്ലോട്ടിങ് സോളാർ പദ്ധതി നടപ്പാക്കുന്നതെന്നും അതിനാൽ ഡാമിലെ ജലം കുടിവെള്ളാവശ്യത്തിന് ഉപയോഗിക്കുന്നതിന് തടസ്സമില്ലെന്നും ഡാം ഏരിയയിൽ പത്തുവർഷത്തേക്ക് ഹെക്ടറിന് ഒരു രൂപ നിരക്കിൽ ലീസിന് എടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി

പമ്പ്ഡ് സ്റ്റോറേജ് പദ്ധതിയും ഫ്ലോട്ടിങ് സോളാർ പദ്ധതിയും ബന്ധപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത പദ്ധതിപ്രകാരം വൈദ്യുതി ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നത് ബോർഡിന് ലാഭകരമാകുമോ എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞപ്പോൾ ആയത് പരിശോധിക്കാമെന്ന് ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

വിൻഡ് എനർജിയുമായി ബന്ധപ്പെട്ട് സ്വന്തമായി ഭൂമിയുള്ളവർക്ക് വിൻഡ് എനർജി സ്ഥാപിച്ചതിനുശേഷം റെഗുലേറ്ററി കമ്മീഷനെ സമീപിച്ച് സ്വീകാര്യമായ താരിഫ് വാങ്ങിക്കാൻ സാധിക്കുന്ന വിധത്തിലും രാമക്കൽമേട്, പാമ്പാട്ടുംപാറ, മാൻകുത്തിമേട്, പൊൻമുടി എന്നീ സ്ഥലങ്ങളിലെ സർക്കാർ ഭൂമിയിൽ ടെൻഡർ വിളിച്ച് വിൻഡ് എനർജി പ്രോജക്ട് സ്ഥാപിക്കുന്ന വിധത്തിലുമായി രണ്ട് തരത്തിലുള്ള ടെൻഡർ ക്ഷണിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നതെന്നും രാമക്കൽമേട്ടിൽ റോഡുഗതാഗതം സുഗമമല്ലാത്തതിനാൽ വലിയ കപ്പാസിറ്റിയുള്ള മെഷീൻ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടതുകൊണ്ടാണ് വിൻഡ് എനർജി പദ്ധതിക്ക് കാലതാമസം നേരിട്ടതെന്നും നിലവിൽ ടെൻഡർ വിളിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു.

പ്രസരണ നഷ്ടമില്ലാതെ വൈദ്യുതി വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു.

ഇന്ത്യയിൽ പ്രസരണ നഷ്ടം ഏറ്റവും കൂടുതൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനാണെന്നും നിലവിലെ പ്രസരണ നഷ്ടമായ 3.29 കുറയ്ക്കുന്നതിനുള്ള 'ട്രാൻസ്ഗ്രിഡ് 2.0' പദ്ധതി രണ്ട് ഫേസായി നടപ്പാക്കിവരികയാണെന്നും 2017 മുതൽ 2022 വരെയുള്ള ഫേസ്-I-ൽ 2711 കോടി രൂപ ചെലവഴിച്ച് 12 സബ് സ്റ്റേഷനുകളുടെ കമ്മീഷനിങ്ങും 1955 കി.മീറ്റർ ലൈനും നിർമ്മിച്ചിട്ടുണ്ടെന്നും 2022 മുതൽ 2027 വരെയുള്ള ഫേസ്-II-ൽ 14 സബ് സ്റ്റേഷനുകളിൽ 1751 സർക്യൂട്ട് കിലോമീറ്റർ ലൈനിന്റെ നിർമ്മാണം ഏകദേശം 3630 കോടി രൂപ മുതൽമുടക്കിൽ പുരോഗമിക്കുകയാണെന്നും അതിനുപുറമെ ഇക്കാലയളവിനുള്ളിൽ തനത് ഫണ്ടിൽ നിന്നും ട്രാൻസ്മിഷൻ മേഖലയിൽ 9 ഓളം സബ്സ്റ്റേഷന്റെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും 2017-ൽ 66 കെ.വി. സബ് സ്റ്റേഷനുകളുടെ എണ്ണം

78 ആയിരുന്നെന്നും നിലവിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 28 സബ്സ്റ്റേഷനുകളെ അപ്ഗ്രേഡ് ചെയ്ത് 110 കെ.വി. ആയി ഉയർത്തിയിട്ടുണ്ടെന്നും 66 കെ.വി.-യിൽ നിന്നും 110 കെ.വി.-യിലേക്ക് ലൈനും സബ് സ്റ്റേഷനും ഉയർത്തുമ്പോൾ പ്രസരണ നഷ്ടം ഏകദേശം 1/9 ആയി കുറയുന്നതാണെന്നും 2027-ഓടുകൂടി 98 സബ്സ്റ്റേഷനുകളും 2400 കി.മീറ്റർ ലൈനും കമ്മീഷൻ ചെയ്യുന്നതോടെ പ്രസരണ നഷ്ടം 2.86 ശതമാനത്തിലേക്ക് കൊണ്ടുവരാൻ സാധിക്കുമെന്നും 1 മെഗാവാട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ സാധിച്ചാൽ വർഷം 8.7 മില്യൺ യൂണിറ്റ്സ് സേവ് ചെയ്യാൻ സാധിക്കുമെന്നും മലപ്പുറം സബ് സ്റ്റേഷനിൽ നിന്നുള്ള രണ്ട് 220 കെ.വി. ലൈനാണ് കാഞ്ഞിരോട്-മൈലാട്ടി-കാസർഗോഡ് ഉൾപ്പെടെയുള്ള ഏരിയ ഫീഡ് ചെയ്യുന്നതെന്നും പ്രസ്തുത ലൈനിലൂടെ നല്ലരീതിയിൽ പ്രസരണ നഷ്ടം സംഭവിക്കുന്നുണ്ടെന്നും 220 കെ.വി. ലൈനിനെ 400 കെ.വി.-യിലേക്ക് മാറ്റുന്നതിനാണ് കരിന്തളം സബ് സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്നും വയനാട്ടിൽ നിന്ന് ലൈൻ വലിച്ചുകൊണ്ടുവരാൻ കാലാകാലങ്ങളായി നിരവധി ശ്രമങ്ങൾ നടത്തിവരികയാണെന്നും 1490 കോടി രൂപയുടെ ഈ പ്രോജക്ടിന് 138 കോടി രൂപയുടെ ഗ്രാന്റ് ലഭിക്കുമെന്നും പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു.

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി എം.എൽ.എ.-മാരുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിൽ ഉയർന്ന നഷ്ടപരിഹാരം നൽകാമെന്ന് സമ്മതിക്കുകയും മിനിമം ഫെയർ വാല്യൂ 5000/- രൂപയിൽ നിന്ന് 7000/- രൂപയായി വർധിപ്പിക്കുകയും ചെയ്തിരുന്നുവെന്നും വീടുകളുടെ മുകളിലൂടെ ലൈൻ വലിക്കുന്നതിന് പ്രത്യേകിച്ച് നഷ്ടപരിഹാരം നൽകുന്ന പതിവില്ലെങ്കിലും ഈ പദ്ധതിക്ക് 2,00,000/- രൂപ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടും പദ്ധതിക്ക് തടസ്സം നിലനിൽക്കുകയാണെന്നും ഊർജ്ജ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബോധിപ്പിച്ചു.

ഉഡുപ്പി ജനറേറ്റിങ് സ്റ്റേഷനുമായി കണക്ട് ചെയ്തുവരുന്ന പ്രസ്തുത പദ്ധതി യാഥാർഥ്യമായാൽ വൈദ്യുത രംഗത്ത് മികച്ച പുരോഗതി കൈവരിക്കാൻ കേരളത്തിന് സാധിക്കുമെന്നും മലപ്പുറത്ത് 7 സബ് സ്റ്റേഷനുകളുടെ പ്രവൃത്തി പുരോഗമിക്കുകയാണെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു.

V സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ചട്ടം 235 എ പ്രകാരം ചേർന്ന യോഗം സംബന്ധിച്ച്

(ഫയൽ നം. 6581/സബ്.സി.സി1/2023/നി.സെ.)

തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ചട്ടം '235 എ' പ്രകാരം 07.06.2023-ന് ചേർന്ന യോഗത്തിൽ തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുമ്പോൾ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും അംഗങ്ങളെ ചേർക്കുന്നതിനായി അംഗത്വ അപേക്ഷ ഓൺലൈൻ മുഖേന സ്വീകരിക്കണമെന്ന സമിതി ശിപാർശയുമായി ബന്ധപ്പെട്ട് തൊഴിലും നൈപുണ്യവും വകുപ്പ് 03.05.2025-ലെ ജെ2/97/2023/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദേശം അനുസരിച്ച് ഫയൽ അദാലത്തുമായി ബന്ധപ്പെട്ട പെൻഡിങ് ഫയലുകളുടെ ലിസ്റ്റ് തൊഴിലും നൈപുണ്യവും, ഊർജം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും ആയതിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.)

29.09.2025-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2025 സെപ്റ്റംബർ 29-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 6.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4-സി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി പ്രീത ബി.,അഡീഷണൽ സെക്രട്ടറി,തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീമതി ശോഭ എൽ., ജോയിന്റ് സെക്രട്ടറി, ധനകാര്യ (തൊഴിൽ) വകുപ്പ്
3. ശ്രീ. കെ. മനോജ് കുമാർ, ജോയിന്റ് സെക്രട്ടറി,ഊർജ്ജ വകുപ്പ്
4. ശ്രീമതി ജയലക്ഷ്മി ടി. എം., ജോയിന്റ് സെക്രട്ടറി,ധനകാര്യ വകുപ്പ്
5. കുമാരി സഫ്ന നസറുദ്ദീൻ, ലേബർ കമ്മീഷണർ
6. ശ്രീ. അനിൽ റോഷ് ടി. എസ്., ഫിനാൻഷ്യൽ അഡ്വൈസർ, കെ.എസ്.ഇ.ബി.എൽ.
7. ശ്രീ. സി. സുരേഷ്, സീനിയർ സൂപ്രണ്ട്, കെ.എസ്.ഇ.ബി.എൽ.

സമിതിയുടെ വിവിധ കാലയളവില്ലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകൾ, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I **സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന**

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം. 12048/സബ്.സി.സി1/2024/നിസെ)

റിപ്പോർട്ടിലെ **1-3, 10** എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 12.09.2025-ലെ ഡി3/238/2024-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

2. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നം. KLS/3232/2025-subc c)

റിപ്പോർട്ടിലെ 69-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജ (എ) വകുപ്പ് 22.08.2025-ലെ എ 1/1311/2025-ഊ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

II) **ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകളുടെ പരിഗണന**

1. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട്

(ഫയൽ നം.796/സബ്.സി.സി1/2023/നി.സെ.)

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് എന്നിവയുടെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം സംബന്ധിച്ച് തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 02.09.2025-ലെ ഡി1/18/2023-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കാലതാമസപത്രിക അംഗീകരിച്ചു.

2. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ട്

(ഫയൽ നം.831/സബ്.സി.സി1/2024/നി. സെ.)

